# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3034**

**22-06-2012 ൽ മറുപടിയ്ക്ക്**

## ഒന്നാം നെൽവിളകാലത്ത് ചെയ്യേണ്ട കാർഷിക പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം വിള നെൽകൃഷി ക്കാലത്ത് നടത്തേണ്ട തായിട്ടുള്ള യാതൊരുവിധ കാർഷിക പ്രവർത്തനവും വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒന്നാം വിള പ്രവർത്തനങ്ങൾ യഥാസമയം തന്നെ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന വിത്തു വിതരണ അതോറിറ്റി 2404 ടൺ നെൽവിത്ത് ഒന്നാംവിളക്കായി വിതരണം നടത്തി കഴിഞ്ഞു. |
| (ബി) | നെൽകൃഷിക്കും ഇതര കൃഷിക്കും നടത്തേണ്ട അടിയന്തിര കാർഷിക പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകാത്തതിന്റെ സാഹചര്യം വിശദമാക്കുമോ; | (ബി) | യഥാസമയം തന്നെ കൃഷി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത് പരിശോധിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതിലേക്കായി പദ്ധതി നിർദ്ദേശങ്ങളുടെ കരട് അംഗീകരിക്കുന്നതിന് വേണ്ടി വരുന്ന കാലതാമസം ഒഴിവാക്കാൻ പ്രത്യേക നിർദ്ദേശം നൽകുമോ? | (സി) | ഈ വർഷം നടപ്പിലാക്കുന്ന പദ്ധതി കളുടെ ആനുകൂല്യം അതാതു കർഷകരുടെ ബാങ്ക് അക്കൗണ്ടി ലേക്കാണ് നൽകുന്നത്. പദ്ധതികൾ പ്രകാരം നൽകുന്ന സഹായ നിരക്കിന്റെ തോതിലും അവ കർഷകർക്ക് ലഭിക്കുന്ന രീതിയിലും വ്യത്യസ്തത ഉള്ളതുകൊണ്ടാണ് നേരിയ താമസം ഉണ്ടാകാനിട യായത്. പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ